ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

## PARISH BULLETIN

പള്ളിക്കൂദാശക്കാലം

Vol.7 Issue 5



വി. സെലി മാർട്ടിനെ, വി. ലൂയി മാർട്ടിനെ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

*50th Wedding Anniversay*



കെ.എം.മത്തായി & കത്രിക്കുട്ടി മാത്യു

കൊറ്റനല്ലൂർ

**ആശംസകൾ....മക്കൾ,കൊച്ചുമക്കൾ**

53rd Wedding Anniversary

(1963 sep 14)



ജോസഫ് (കുട്ടപ്പൻ) & കത്രിക്കുട്ടി

കുരീക്കാട്ട്

പൊൻകുന്നം



ആൽബിൻ സിജോ

**കൊച്ചാലുംമൂട്ടിൽ**

**On 10-09-2015**

# ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 6 |
| ഇടവക വിശേഷങ്ങളിലൂടെ | – | 7 |
| കിണറ്റിലിറക്കാം മഴവെള്ളത്തെ | – | 12 |
| നിയമബോധനം | – | 15 |
| വിവാഹഒരുക്ക സെമിനാർ | – | 18 |


## എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | - ഫാ. ജോസഫ് വെള്ളമറ്റം | - 9447867873 |
| ചീഫ് എഡിറ്റർ | - ഫാ. ജോൺ മഞ്ഞനാനിക്കൽ | 9961722549 |
| സബ് എഡിറ്റേഴ്സ് | - റോബിൻ കട്ടിക്കാരൻ | 9446602386 |
| | - വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - ജസ്റ്റിൻ ആലഞ്ചേരിൽ | |
| | അജേഷ് പനയ്ക്കൽ | |
| | സൂസൻ വെട്ടിക്കൊമ്പിൽ | |
| | കിറ്റിൻ ഗോൾഡ്ഹിൽ | |
| | കുസുമം ഗോൾഡ്ഹിൽ | |
| | മരിയ മടുക്കക്കുഴി | |



Published by : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

Layout & Printing: General Offset PNKM Ph: 222564, 9495496974

## മുഖമൊഴി

*പരിശുദ്ധിയുടെ പൂന്തോപ്പിൽ രണ്ട് ലില്ലിപ്പൂക്കൾക്കൂടി വിടർന്നപ്പോൾ സാർവ്വത്രികസഭ ആനന്ദിക്കുകയാണ്. ഓർമ്മിച്ച് പ്രാർത്ഥിക്കുവാൻ നമുക്ക് രണ്ട് വിശുദ്ധരെക്കൂടി ലഭിച്ചിരിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ ലൂയി മാർട്ടിനും, മേരി സെലി ഗ്വെരിനും വിശുദ്ധരാക്കപ്പെട്ടപ്പോൾ അവർ സഭാചരിത്രത്തിലെതന്നെ നാഴികക്കല്ലുകളായി മാറുകയായിരുന്നു. ഒരേ വേദിയിൽ ദമ്പതികൾ വിശുദ്ധരാക്കപ്പെടുന്നത് ഇതാദ്യമായാണ്. തങ്ങളുടെ അഞ്ച് പെൺകുട്ടികളും ഈശോയുടെ മണവാട്ടികളാകുകയും അഞ്ചിലൊരാൾ വിശുദ്ധയാവുകയും ചെയ്തത്, വിശുദ്ധരായ ദമ്പതികളുടെ ദാമ്പത്യ വിശ്വസ്തതയ്ക്ക് കർത്താവ് നൽകിയ അനുഗ്രഹമാണ് എന്ന് തീർച്ച. ഒരു കാലഘട്ടത്തിന്റെ മാതൃകയും പ്രചോദനവുമായി മാറുകയാണ് മേരി - ലൂയി ദമ്പതികൾ.*

*സ്വർഗ്ഗീയ കുടുംബങ്ങൾ ഭൂമിയിൽ കെട്ടിപ്പടുക്കുന്നതിന്റെ ആനന്ദം നമുക്ക് കാണിച്ചുതന്നിരിക്കുകയാണ് ഈ ദമ്പതികൾ. പരസ്പരം സ്നേഹിച്ച് സഹനത്തിലും സന്തോഷത്തിലും ആത്മീയത മുറുകെപ്പിടിച്ച് മക്കളെ വിശുദ്ധിയിൽ വളർത്താൻ ലോകമെമ്പാടുമുള്ള മാതാപിതാക്കളെ ക്ഷണിക്കുകയാണിവർ. സ്വർഗ്ഗത്തെ വിഭാവനം ചെയ്യുവാൻ മക്കളെ പ്രാപ്തരാക്കുന്നതെങ്ങനെയെന്നുള്ള പാഠങ്ങൾ അവർ കാണിച്ചുതന്നു. "അമ്മ എന്നെ പഠിപ്പിച്ച ചെറിയ ജപം ചൊല്ലി എന്റെ ഹൃദയം ഞാൻ അവിടുത്തേയ്ക്ക് വീണ്ടും വീണ്ടും സമർപ്പിച്ചിരുന്നു" എന്ന് വിശുദ്ധ കൊച്ചുത്രേസ്യാ വെളിപ്പെടുത്തിയിട്ടുണ്ട്. ചെറുപുഷ്പത്തിന്റെ 4 - ാം വയസ്സിൽത്തന്നെ അവർക്ക് അമ്മയെ നഷ്ടപ്പെട്ടുവെങ്കിലും, അമ്മയുടെയും അപ്പന്റെയും സ്നേഹം ഒരുമിച്ച് കൊടുത്താണ് ലൂയി മാർട്ടിൻ അവരെ വളർത്തിയത്. "അപ്പച്ചന്റെ അതിതീവ്രമായ ഹൃദയത്തിലെ വാത്സല്യത്തോട് സാക്ഷാൽ മാതൃവാത്സല്യവും കൂടിക്കലർന്നു".*

*സ്നേഹത്തിന്റെ തിരികൊളുത്തിയ ഈ മാതാപിതാക്കൾ പുതുതലമുറയിലെ മാതാപിതാക്കൾക്ക് മുന്നിൽ തുറന്നു വയ്ക്കപ്പെട്ടിരിക്കുന്ന വിശുദ്ധിയുടെ പാഠപുസ്തകങ്ങളാണ്, കർത്താവിനോടൊപ്പം നിൽക്കാൻ തീരുമാനിക്കലാണ് വിശ്വാസമെങ്കിൽ ഈ തീരുമാനമെടുക്കാൻ മക്കളെ പ്രാപ്തരാക്കാനുള്ള ആഹ്വാനമാണ് അവർ നടത്തുന്നത്. നേടിയെടുക്കലിന്റെ മാത്രം മാസ്മരികതയിൽ ഉഴറുന്ന പുതുതലമുറയ്ക്ക് വിട്ടുകൊടുക്കലിന്റെ മധുരപാഠങ്ങളും അവർ പകർന്നു തരുന്നു.*

*വിശുദ്ധരായ ഈ ദമ്പതികളുടെ മാതൃക നമ്മുടെ കുടുംബങ്ങൾക്ക് പ്രചോദനമാവട്ടെ. നസ്രത്തിലെ തിരുക്കുടുംബംപോലെ ജപത്തിന്റെയും ജപധ്യാനങ്ങളുടെയും വാസസ്ഥലമാകുവാൻ നമ്മുടെ കുടുംബങ്ങളെ ഈശോ അനുഗ്രഹിക്കട്ടെ.*



ഇടയമൊഴി



# മാർ തെയദോറിന്റെ അനാഫൊറ

ഈശോയിൽ പ്രിയ സഹോദരരേ,

വി. കുർബ്ബാനയിലെ കൂദാശാപരമായ ഭാഗത്തിന് അനാഫൊറ എന്നാണല്ലോ പറയുന്നത്. കൂദാശ, കുർബ്ബാന, കൃതജ്ഞതാ പ്രാർത്ഥന, കാനൻ എന്നീ പേരുകളിലും ഈ മുഖ്യഭാഗം അറിയപ്പെടുന്നുണ്ട്. സാധാരണയായി ശ്ലീഹന്മാരുടെയോ മറ്റേതെങ്കിലും വിശുദ്ധന്മാരുടെയോ പേരിലാണ് ഓരോ അനാഫൊറയും അറിയപ്പെടുന്നത്. ഇപ്പോൾ നാം കുർബ്ബാനയിൽ ഉപയോഗിക്കുന്നത് മാർ അദ്ദായിയുടെയും മാർ മാറിയുടെയും അനാഫൊറയാണല്ലോ.

മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും പേരുകളിൽ അറിയപ്പെട്ടിരുന്ന രണ്ട് അനാഫൊറകൾകൂടി മുമ്പ് നമ്മുടെ സഭയിൽ ഉണ്ടായിരുന്നു. 1599 ലെ ഉദയംപേരൂർ സൂനഹദോസ് മേൽപ്പറഞ്ഞ രണ്ട് അനാഫൊറകളുടെയും ഉപയോഗം അവസാനിപ്പിച്ചു. എന്നാൽ സീറോ മലബാർ കുർബ്ബാനയുടെ പുനരുദ്ധാരണ വേളയിൽ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും അനാഫൊറകൾ പുനരുദ്ധരിച്ച് ചേർക്കണമെന്ന് 1957 ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ നിർദ്ദേശിച്ചു. ഈ രണ്ട് അനാഫൊറകളും പുനരുദ്ധരിച്ച് നടപ്പിലാക്കണമെന്ന് റോമിലെ പൗരസ്ത്യ തിരുസംഘവും നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. 1986 ൽ പുനരുദ്ധരിക്കപ്പെട്ട റാസക്രമം നടപ്പിലാക്കിയതിനെത്തുടർന്ന് മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും അനാഫൊറകൾ പുനരുദ്ധരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. അവസാനം 2013 ആഗസ്റ്റ് 15 ന് മാർ തെയദോറിന്റെ അനാഫൊറ നമ്മുടെ സഭയിൽ പുനരുദ്ധരിച്ച് നടപ്പിലാക്കി. നമ്മുടെ രൂപതയിലെ മിക്കവാറും ഇടവകകളിൽ ഇതിനോടകം ഈ അനാഫൊറ ഉപയോ

ഗിച്ച് തുടങ്ങിയിട്ടുണ്ട്. നമ്മുടെ പള്ളിയിലും ഈ വരുന്ന മംഗല വാർത്തക്കാലം മുതൽ മാർ തെയദോറിന്റെ അനാഫൊറ ഉപയോഗിച്ചു തുടങ്ങണമെന്ന് വിചാരിക്കുന്നു.

മംഗലവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർ വരെയുള്ള കാലഘട്ടത്തിലാണ് മാർ തെയദോറിന്റെ അനാഫൊറ ഉപയോഗിച്ച് കുർബ്ബാനയർപ്പിച്ചിരുന്നത്. എന്നാൽ പ്രസ്തുത കാലങ്ങളിലും മറ്റ് കാലങ്ങളിലും ഈ ക്രമം ഉപയോഗിക്കുന്നതിന് സഭാസിനഡ് ഇപ്പോൾ അനുവദിച്ചിട്ടുണ്ട്.

എ.ഡി. 392 മുതൽ 428 വരെ അന്ത്യോക്യായിൽ മൊപ്സുയെസ്തിയയിൽ മെത്രാനായിരുന്ന മാർ തെയദോറിന്റെ പേരിലാണ് ഈ കൂദാശക്രമം അറിയപ്പെടുന്നതെങ്കിലും അദ്ദേഹമാണ് ഇതിന്റെ രചയിതാവ് എന്ന് കരുതാനാവില്ല. എങ്കിലും മാർ തെയദോറിന്റെ കൃതികളിലെ ദൈവശാസ്ത്ര ചിന്തകൾ ഈ അനാഫൊറയിൽ പ്രകടമായി കാണുന്നു. എ.ഡി. 540 – 552 കാലയളവിൽ പൗരസ്ത്യ സുറിയാനി സഭയുടെ പാത്രിയാർക്കീസായിരുന്ന മാർ ആബാ ആയിരുന്നിരിക്കാം ഈ കൂദാശയുടെ രചയിതാവ്.

മാർ തെയദോറിന്റെ ദൈവശാസ്ത്ര ചിന്തകളെ ഒരുകാലത്ത് സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്നെങ്കിലും കലർപ്പില്ലാത്തതും സത്യസന്ധവുമായ ക്രൈസ്തവ പ്രബോധനമാണ് തെയദോറിന്റെ രചനകളിലുള്ളതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. തെയദോറിന്റെ ദൈവശാസ്ത്ര ചിന്തകളുടെ ആധികാരികതയെക്കുറിച്ച് കത്തോലിക്കാസഭ ഇന്ന് സംശയം പുലർത്തുന്നില്ല.

അതിപ്രാചീനവും ക്രൈസ്തവസഭയുടെ പ്രാരംഭകാല ചിന്താശൈലികൾ പിന്തുടരുന്നതുമായ മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശ ശ്രദ്ധേയമാണ് എന്നതിൽ തർക്കമില്ല. എന്നാൽ രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ രൂപംകൊണ്ട ഈ അനാഫൊറയെക്കാൾ വളരെയേറെ ദൈവശാസ്ത്ര വികാസം പ്രാപിച്ചതാണ് തെയദോറിന്റെ അനാഫൊറ. ആറാം നൂറ്റാണ്ടിൽ പ്രചാരത്തിൽ വന്ന ഈ കൂദാശക്രമത്തിന്റെ മുഖമുദ്ര വികാസം

പ്രാപിച്ച ദൈവശാസ്ത്രവും വ്യവസ്ഥാപിതമായ ആശയ ഘടനയുമാണ്. ഉദാഹരണമായി മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശയിലെ ഒന്നാം ഗ്ഹാന്ത പ്രാർത്ഥനയിൽ "അങ്ങ് ഞങ്ങളുടെമേൽ വർഷിച്ച സമൃദ്ധമായ അനുഗ്രഹങ്ങളെ പ്രതി .." എന്ന് സംക്ഷിപ്തമായി പറയുന്ന ദൈവശാസ്ത്ര ആശയത്തെ മാർ തെയദോറിന്റെ കൂദാശയിൽ "അങ്ങയുടെ ഏകജാതനായ കർത്താവീശോമിശിഹാ മനുഷ്യസ്വഭാവം വഴി പൂർത്തിയാക്കിയ അത്ഭുതാവഹവും ഭയഭക്തി ജനകവുമായ രക്ഷാപദ്ധതി വഴി പുതുജീവൻ നൽകി ഞങ്ങളെ നവീകരിക്കുകയും പരിശുദ്ധാത്മാവിനെ അച്ചാരമായി നൽകുകയും ചെയ്തു" എന്ന് വിശദമാക്കിയിരിക്കുന്നു. ഒന്നാം കൂദാശയിലെ "സകലത്തിന്റെയും നാഥനായ ദൈവത്തിന് കുർബ്ബാന അർപ്പിക്കപ്പെടുന്നു" എന്ന പ്രസ്താവനയെ രണ്ടാം കൂദാശയിൽ ഗഹനമായ ഒരു ദൈവശാസ്ത്ര പ്രസ്താവനയാക്കി വികസിപ്പിച്ചിരിക്കുന്നു. "മനുഷ്യവംശത്തിന്റെ ആദ്യഫലമായ മിശിഹായുടെ സജീവവും മാനുഷികവും രക്തരഹിതവും സ്വീകാര്യവുമായ കുർബ്ബാന സർവ്വ സൃഷ്ടികൾക്കുംവേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തിന് എല്ലായിടത്തും അർപ്പിക്കപ്പെടുന്നു".

2013 ആഗസ്റ്റ് 15 ന് മാർ തെയദോറിന്റെ കൂദാശക്രമം പ്രസിദ്ധീകരിച്ചുകൊണ്ട് അന്നത്തെ സീറോമലബാർ ലിറ്റർജി കമ്മീഷന്റെ ചെയർമാൻ അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവ് എഴുതുന്നതുപോലെ "പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ അടയാളമായി മാർ തെയദോറിന്റെ കൂദാശയെ മനസ്സിലാക്കാം. ഈശോമിശിഹായുടെ പെസഹാരഹസ്യത്തിന്റെ ആഘോഷത്തെ കൂടുതൽ അർത്ഥപൂർണ്ണവും അനുഭവവേദ്യവുമാക്കാൻ സഭയിലെ വ്യത്യസ്ത കൂദാശകൾക്ക് (അനാഫൊറകൾക്ക്) കഴിയുമെന്നതിനാൽ മാർ തെയദോറിന്റെ പേരിലുള്ള രണ്ടാമത്തെ കൂദാശക്രമം ഉപയോഗിച്ചുള്ള കുർബ്ബാന സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം അനുഗ്രഹപ്രദമായിരിക്കും"

സ്നേഹത്തോടെ

വികാരിയച്ചൻ

ഫാ. ജോസഫ് വെള്ളമറ്റം

വിളക്ക്

ഫാ. ജോബി
മഞ്ഞനാനിക്കൽ



## പള്ളിക്കൂദാശാക്കാലം

ആരാധനക്രമവത്സരത്തിലെ അവസാനത്തെക്കാലമാണ് പള്ളിക്കൂദാശക്കാലം. പള്ളിക്കൂദാശയെന്നാൽ സഭയുടെ പ്രതിഷ്ഠ എന്നർത്ഥം. ഈ കാലത്തിലെ ആദ്യത്തെ ഞായറാഴ്ച സഭാപ്രതിഷ്ഠയുടെ അനുസ്മരണം ആചരിക്കുന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാന വിധിക്കുശേഷം പിതാവിന് സമർപ്പിക്കുന്നതിനെ ഈ കാലത്തിന്റെ ആരംഭത്തിൽത്തന്നെ നാം അനുസ്മരിക്കുന്നു. യുഗാന്ത്യത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ജറുസലേമാകുന്ന മണവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു.

ദൈവം രൂപം കൊടുത്ത രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തോടെ അവിടുന്ന് സകലത്തിന്റെയും നാഥനായി വാഴും. സഭ മഹത്വത്തിലേയ്ക്ക് പ്രവേശിക്കും. ഈ ഭൂമിയിലുള്ള സഭ ദൈവത്തെ മഹത്വപ്പെടുത്തുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന സ്വർഗ്ഗീയ സഭയുടെ മുന്നാസ്വാദനമാണ്. ഭൗമികമെങ്കിലും സ്വർഗ്ഗീയ ദാനങ്ങളാൽ പരിപുഷ്ടമാണ് സഭ. യുഗാന്ത്യത്തിൽ തന്റെ മണവാളനെ ദർശിക്കുന്ന മണവാട്ടിയായ സഭ ആഹ്ളാദിക്കുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യും.

തിരുസ്സഭയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയം. ഈശോ ദൈവപുത്രനാകുന്നു എന്ന വിശ്വാസത്തിന്റെ പാറമേൽ സ്നേഹത്തിൽ പണിതുയർത്തപ്പെട്ട ഒരു ആരാധനാ സമൂഹമാണ് സഭ. ഇത് ദൈവത്തിന്റെ സമാഗമ കൂടാരമാണ്. ഈ കൂടാരത്തിൽ ദൈവത്തിന്റെ സജീവ സാന്നിദ്ധ്യമുണ്ട്. അതുകൊണ്ടുതന്നെ സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നിൽക്കുന്ന രഹസ്യമായി നാം സഭയെ കാണുന്നു.



**വിശേഷ ദിവസങ്ങൾ**

നവംബർ 22 - **രാജത്വത്തിരുനാൾ**

## ചെറുപുഷ്പ മിഷൻലീഗ്

1. കുട്ടികൾ പത്രം ശേഖരിച്ച് ഫ് സ്വരൂപിച്ചു.
2. 20 കുടുംബങ്ങൾക്ക് പലചരക്ക് സാധനങ്ങൾ അടങ്ങിയ കിറ്റ് നൽകി.
3. രോഗീ സന്ദർശനം നടത്തി.
4. യൂണിറ്റ് സമ്മേളനം നടത്തി.
5. മിഷൻസന്ദേശ് പരിപാടിയിൽ പങ്കാളികളായി.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**

## മാതൃദീപ്തി

രൂപതാ കലോത്സവത്തിൽ സമൂഹഗാനം, ബൈബിൾ ക്വിസ്, മോണോആക്ട്, പ്രസംഗം എന്നിവയിൽ നമ്മുടെ യൂണിറ്റിൽ നിന്നും അംഗങ്ങൾ മത്സരിച്ചു.

**മേരിക്കുട്ടി പൊടിമറ്റം (സെക്രട്ടറി)**

## യുവദീപ്തി

രൂപതാതല മത്സരത്തിൽ മൈം, കഥാപ്രസംഗം, പവർപോയിന്റ് പ്രസന്റേഷൻ എന്നീ വിഭാഗങ്ങൾക്ക് കുട്ടികൾ മത്സരിച്ചു. ഷോർട്ട് ഫിലിമിന് 3-ാം സ്ഥാനം കരസ്ഥമാക്കി.

**സാം വടശ്ശേരിൽ (സെക്രട്ടറി)**

## വിൻസെൻഷ്യൻ വേദി

വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ദത്തുകോൺഫറൻസായ പുളിക്കാനം സെന്റ്തോമസ് കോൺഫറൻസിന് 3000 രൂപാ നൽകി. സൊസൈറ്റിയുടെയും ഫാ. ഡേവീസ് ചിറമേൽ ചെയർമാനായുള്ള കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെയും ആഭിമുഖ്യത്തിൽ 2015 നവംബർ 14-ാം തീയതി അൽഫോൻസാ ഹാളിൽ വച്ച് വൃക്കരോഗ നിർണ്ണയ ക്യാമ്പും ബോധവൽക്കരണ സെമിനാറും നടത്തുന്നതാണ്. ഉദ്ഘാടന കർമ്മം ബഹു. കാഞ്ഞിരപ്പള്ളി എം.എൽ.എ. പ്രൊഫ. എൻ. ജയരാജ് നിർവ്വഹിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 പേർക്കായിരിക്കും രോഗനിർണ്ണയം നടത്തുക. 12-11-2015 വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 70/- രൂപ. കൂടുതൽ വിവരങ്ങൾക്ക് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുമായി ബന്ധപ്പെടുക.

**സെക്രട്ടറി**

**തോമസ് നരിതൂക്കിൽ**



## സി. വൈ. എം. എ.

സംഘടനയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തിവരുന്ന വേളാങ്കണ്ണി തീർത്ഥാടനം ഒക്ടോബർ 9,10 തീയതികളിൽ നടന്നു. നാലു ബസ്സുകളിലായി ബഹു. അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 170 പേർ തീർത്ഥാടനത്തിൽ പങ്കെടുത്തു.

വിദേശ ജോലിക്കായി പോയ നിർമ്മൽ മാറാട്ടുകുളത്തിന്റെ സ്ഥാനത്തേയ്ക്ക് സംഘടനാ ഡയറക്ടർ ബോർഡിൽ ശ്രീ. ജയൻ ഉറുമ്പടയെ ഉൾപ്പെടുത്തി.

സെക്രട്ടറി

**റ്റിജോ തേക്കുംതോട്ടം**

# സൺഡേ സ്കൂൾ

1. ഒക്ടോബർ 21-ാം തീയതി സൺഡേസ്കൂൾ കുട്ടികളുടെ ആഭിമുഖ്യത്തിൽ മിഷൻ സന്ദേശ് (മിഷൻ ഞായറിനോടനുബന്ധിച്ച് വീടുകൾ സന്ദർശിച്ച് പ്രാർത്ഥിക്കുന്ന പരിപാടി) നടത്തി. ഇതിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും അദ്ധ്യാപകർക്കും കൂട്ടായ്മാ ലീഡേഴ്സിനും സഹകരിച്ച മറ്റെല്ലാവർക്കും നന്ദിയും അഭിനന്ദനവും!

2. ലോഗോസ് ക്വിസ് മത്സരത്തിൽ 'ഡി' വിഭാഗത്തിൽ മുഴുവൻ മാർക്കും വാങ്ങി രൂപതയിൽ ഒന്നാം സ്ഥാനം നേടിയ സൺഡേ സ്കൂൾ അദ്ധ്യാപിക ബിന്ദു റ്റിജോ തേക്കുംതോട്ടത്തിനും വിജയിച്ച മറ്റെല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ!!

3. ഫൊറോന ബൈബിൾ കലോത്സവത്തിൽ സമ്മാനാർഹരായ താഴെപ്പറയുന്ന കുട്ടികൾക്ക് അഭിനന്ദനങ്ങൾ!!

**ഡോമിനിക് സാവിയോ വിഭാഗം**

| | | | | |
|---|---|---|---|---|
| പ്രസംഗം | - | ഒന്നാം സമ്മാനം | - | മരിയ തോട്ടുചാലിൽ |
| പെയിന്റിംഗ് | - | ഒന്നാം സമ്മാനം | - | ത്രേസ്യാ ജയിൻ കൂടത്തുംമുറിയിൽ |
| ലളിതഗാനം | - | മൂന്നാം സമ്മാനം | - | ആൻ കുഴിക്കാട്ട് |
| ദൃശ്യാവതരണം | - | രണ്ടാം സമ്മാനം | - | തെരേസ് സെബാസ്റ്റ്യൻ പുളിക്കത്തുണ്ടിയിൽ |
| | | | | ജോൺവി കളപ്പുരയ്ക്കൽ |
| | | | | ബെൻസിൽ വാവോലിൽ |
| | | | | റോസ് മണ്ണങ്കരത്തറ |
| | | | | എബിൻ ആര്യൻകുളം |
| | | | | മരിയ പയസ്സ് തോട്ടുചാലിൽ |
| | | | | ജിയന്ന മൂക്കിലിക്കാട്ട് |

**അൽഫോൻസാ വിഭാഗം**

| | | | | |
|---|---|---|---|---|
| പ്രസംഗം | - | മൂന്നാം സമ്മാനം | - | മരിയ തെങ്ങടയിൽ |
| പെയിന്റിംഗ് | - | മൂന്നാം സമ്മാനം | - | അന്ന വാഴപ്പറമ്പിൽ |
| കവിതാ രചന | - | രണ്ടാം സമ്മാനം | - | ആൻ തോമസ് മാണിക്കത്ത് |
| സമൂഹഗാനം | - | രണ്ടാം സമ്മാനം | - | അന്ന വാഴപ്പറമ്പിൽ & പാർട്ടി |

തെരേസ് സെബാസ്റ്റ്യൻ പുളിക്കത്തുണ്ടിയിൽ
എലിസബത്ത് ചെന്നിത്തല
തെരേസാ വയലിൽ
മിക്കാ തെക്കേക്കുറ്റ്

**സെന്റ് തോമസ് വിഭാഗം**

| | | | | |
|---|---|---|---|---|
| കഥാരചന | - | മൂന്നാം സമ്മാനം | - | മേരി കുമ്പുക്കൽ |
| ഉപന്യാസം | - | രണ്ടാം സമ്മാനം | - | മരിയ ആലുങ്കൽ |

**വർഗ്ഗീസ് മുതുപ്ലാക്കൽ (ഹെഡ്മാസ്റ്റർ)**

**പൊൻകുന്നം സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടേയും കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടേയും ആഭിമുഖ്യത്തിൽ**

# വൃക്കരോഗ നിർണ്ണയ ക്യാമ്പും ബോധവത്ക്കരണ സെമിനാറും

**2015 നവംബർ 14 ശനിയാഴ്ച**
**രാവിലെ 8.30 മുതൽ 1 മണി വരെ,**
**പൊൻകുന്നം ഹോളിഫാമിലി ചർച്ച്, അൽഫോൻസാ ഹാളിൽ**

രജിസ്ട്രേഷൻ ഫീസ് - 70/- രൂപ

അപേക്ഷ ലഭിക്കുന്ന സ്ഥലങ്ങൾ

പൊൻകുന്നം ഹോളിഫാമിലി ചർച്ച്, ട്രസ്റ്റി ഓഫീസ്
പൊൻകുന്നം കോ.ഓപ്പറേറ്റീവ് ബാങ്ക്, പി.പി.റോഡ് ബ്രാഞ്ച്
പൊൻകുന്നം മാർക്കറ്റിംങ് സൊസൈറ്റി, കെ.കെ.റോഡ്
മാനുവൽ സൺസ് ഗ്ലാസ്സ് ഹൗസ് പി.പി.റോഡ്, പൊൻകുന്നം
സി.വൈ.എം.എ. ഓഫീസ്, കുരിശുപള്ളി ജംഗ്ഷൻ, പൊൻകുന്നം
പെയിന്റ് ആന്റ് പെയിന്റ്സ്, പോസ്റ്റോഫീസ് ജംഗ്ഷൻ, പൊൻകുന്നം

കൂടുതൽ വിവരങ്ങൾക്ക്:-

**ജേക്കബ് തോമസ് - 9447324165**
(പ്രസിഡന്റ് സെന്റ് വിൻസന്റ് ഡിപോൾ സൊസൈറ്റി)
**റ്റി.എം. മാത്തുക്കുട്ടി - 9447340982**



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. അഞ്ജലി എലിസബത്ത് കരിയനാട്ട്
2. മറിയം ട്രീസാ കരിയനാട്ട്
3. സാവിയോ ആയല്ലൂർ
4. ദിയാന കുന്നുകയിൽ
5. അലീനാ വെട്ടിക്കൽ
6. ലിയാൻ ജോഷി കോയിക്കൽ
7. ആൻ മരിയ പുത്തൻപുരയ്ക്കൽ



## നമ്മൾ ഒന്നായി

1. ബിബിൻ - അനു ചിലമ്പിൽ
2. റ്റോണി - സൂര്യ പിടിയഞ്ചേരിൽ
3. നിഖിൽ - സ്വപ്ന പന്നിക്കുഴിക്കൽ
4. വിനോദ്- ബിന്ദു പുതുപ്പറമ്പിൽ
5. ഷിജോ - സിന്ധു പൂലാനിമറ്റത്തിൽ

## ഓർമ്മകളിലേയ്ക്ക്

1. ജോയി തോപ്പിൽ
2. എം.റ്റി. ജോസഫ് മുട്ടത്തുപാറയിൽ
3. പി.വി. കുര്യാക്കോസ് പുല്ലിയിൽ
4. വി.സി. മാത്യു വെച്ചൂക്കരോട്ട്
5. മോളി ബേബി ചെമ്പകമംഗലം
6. ജോസഫ് ആന്റണി ചക്കിട്ടയിൽ

## കിണറ്റിലിറക്കാം മഴവെള്ളത്തെ

കിണർ റീചാർജ്ജിംങ്ങിനെ (കിണർ നിറയ്ക്കൽ) ക്കുറിച്ച് 2015 ജൂലൈ മാസം സി.സി. ഡി. യു. ഡയറക്ടർ ഡോ. സുഭാഷ് ചന്ദ്രബോസിന്റെ ഒരു ക്ലാസ്സ് നാം ഇടവകയിൽ നടത്തുകയുണ്ടായി.

പുരപ്പുറത്തുവീഴുന്ന മഴവെള്ളത്തെ കിണറ്റിലേയ്ക്ക് ഇറക്കുന്നതാണ് കിണർ റീചാർജ്ജിംഗ്. കിണറിന്റെ സമീപത്തുതന്നെ ജലം മണ്ണിലിറക്കിയാലും മതി. മണ്ണിലേയ്ക്കും, ഉറവകളിലേയ്ക്കും, ഭൂഗർഭത്തിലേയ്ക്കും വെള്ളം എത്തുമെന്നതാണ് ഇതിന്റെ പ്രത്യേകത. ഈ വെള്ളം ഉറവകളെ സമ്പന്നമാക്കും. രണ്ടുമൂന്നു വർഷം റീചാർജ്ജിംഗ് തുടർന്നാൽ ഏതു കിണറിനെയും വറ്റാത്ത കിണറാക്കി മാറ്റാൻ കഴിയുമെന്നത് അനുഭവകഥ.

മഴക്കാലത്ത് വെള്ളം നമ്മുടെ മുമ്പിലൂടെ ഓടിപ്പോകുന്നത് നാം വെറുതെ നോക്കിയിരിക്കുന്നു. വേനൽക്കാലത്ത് കാണാമറയത്തൊളിച്ച വെള്ളത്തിനായിട്ട് നാം ഓടി നടക്കുന്നു.

***ഓടുന്ന വെള്ളത്തെ നിർത്തുക***

***നിൽക്കുന്ന വെള്ളത്തെ ഭൂമിയുടെ അടിയിൽ കിടത്തി ഉറക്കുക.***

ഇതാണ് നമുക്കും വരുംതലമുറകൾക്കും വേണ്ടിയുള്ള ഉറവ.

കിണർ റീചാർജ്ജിംഗ് ക്ലാസ്സിൽ പങ്കെടുത്ത എല്ലാവരും ഈ മഴക്കാലത്ത് തന്നെ റീചാർജ്ജിംഗ് ശ്രമങ്ങൾ തുടങ്ങിക്കാണുമെന്ന് കരുതട്ടെ. അയൽപക്കത്തുള്ള സഹോദരങ്ങളെയും കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തുക. പൊൻകുന്നത്ത് എല്ലാവർക്കും എല്ലാ കാലത്തും ആവശ്യത്തിന് ജലം ലഭിക്കുന്ന ഒരു നല്ലകാലമാണ് നമ്മുടെ സ്വപ്നം. ആ സ്വപ്നം ഫലമണിയുവാൻ എല്ലാവരും ഇന്നുതന്നെ ഉറക്കംവിട്ട് ഉണരുക.

സ്നേഹത്തോടെ

നിങ്ങളുടെ വികാരിയച്ചൻ

നിയമബോധനം

# അത്യാവശ്യം അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ

**ബോബൻ മണ്ണാറാത്ത്**
**അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക് പൊൻകുന്നം.**

നീതിയുടെ വഴികളിൽ ഇരുൾ നിറയുന്നത് നിയമങ്ങളുടെ അഭാവത്താലല്ല, മറിച്ച് ജനതയുടെ അജ്ഞത കൊണ്ടാണ്. അനുഭവിക്കുന്നത് അനീതിയാണ് എന്നുപോലും തിരിച്ചറിയാനാവാത്തവിധം അജ്ഞരാണ് നമ്മുടെ ജനസംഖ്യയിൽ ഭൂരിപക്ഷവും ഈ ഇരുളിലാണ് നിയമപരമായ അറിവിന്റെ പ്രകാശം ചൊരിയേണ്ടത്.

അറിവില്ലായ്മകൊണ്ട് സംഭവിച്ചു പോയതാണ് എന്നു പറയുന്നതുമൂലം ഒരിടത്തും യാതൊരു പരിഗണനകളും ലഭിക്കപ്പെടുന്നില്ല. ഏവർക്കും നിയമപരമായ അറിവ് ഉണ്ടായിരിക്കണം എന്നതാണ് വിവക്ഷിക്കപ്പെടുന്നത്. നിയമം അറിഞ്ഞുകൂടായിരുന്നുവെന്ന വാദം യാതൊരു സാഹചര്യത്തിലും അംഗീകരിക്കപ്പെടുന്നില്ല. നിയമങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തെ നേരിട്ടു നിയന്ത്രിക്കുകയും, സ്വാധീനിക്കുകയും ചെയ്യുന്നു. പൗരന്റെ അവകാശങ്ങളെയും ചുമതലകളെയും നിർവ്വചിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന നിയമത്തെ സംബന്ധിച്ചുള്ള സാമാന്യമായ അറിവെങ്കിലും ഓരോരുത്തർക്കും ഒഴിച്ചുകൂടാൻ പാടില്ലാത്തതാകയാൽ സാധാരണക്കാരിലേക്ക് ആവക അറിവിന്റെ വെളിച്ചം തുടർന്നുള്ള ലക്കങ്ങളിലെ ലേഖനങ്ങൾ കൊണ്ട് എത്തിക്കുവാൻ കഴിഞ്ഞാൽ ഈ

ലേഖകൻ കൃതാർത്ഥനായി.

ഇന്ത്യയിലെ മിക്കവാറും നിമങ്ങളെല്ലാം തന്നെ പരസ്പരബന്ധമുള്ളവയാണ്. അതു കൊണ്ട് ഏതാനും ചില നിയമങ്ങളെ സംബന്ധിച്ചു മാത്രം അറിവുണ്ടായിരിക്കുന്നതുകൊണ്ട് കൃത്യമായ കാര്യ സാദ്ധ്യത്തിനുപകരിക്കുകയില്ല. നിയമത്തിന്റെ പ്രധാന കർത്തവ്യം സമൂഹത്തെ നിയന്ത്രിക്കുകയല്ല മറിച്ച് സാമൂഹിക പ്രവർത്തനത്തിനുള്ള ഒരുപകരണമെന്ന നിലയിൽ പ്രവർത്തിക്കുകയാണ്. സമൂഹം നിയമത്തെ ഉൾക്കൊണ്ടില്ലെങ്കിൽ ഒരു നിയമത്തിനും ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിക്കുകയില്ല.

എന്നും എവിടെയും ബലഹീനത ചൂഷണം ചെയ്യപ്പെടുന്നു. ബലഹീനർ ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും വിധേയരാക്കപ്പെടുന്നു. വിദ്യാഭ്യാസത്തിലും ഔദ്യോഗിക ജീവിതത്തിലും ഏറെ പുരോഗതി നേടിയ കേരളത്തിൽപ്പോലും സ്ത്രീകൾ മാനസികമായും ശാരീരികമായും ഗാർഹികമായും പീഡിപ്പിക്കപ്പെടുന്നു.

2006, 2007 കാലഘട്ടത്തിൽ, മാറ്റപ്പെടുന്ന സാമൂഹ്യ വ്യവസ്ഥകൾക്കനുസൃതമായി ഗാർഹിക പീഡനങ്ങളിൽ നിന്നുള്ള സ്ത്രീ സംരക്ഷണ ആക്ടും മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള നിയമങ്ങൾ നിലവിൽ വന്നു. പക്ഷേ ഈ നിയമങ്ങൾ എങ്ങനെ പ്രയോജനപ്രദമാക്കാമെന്നും എന്നു നടപ്പിലാക്കാൻ കഴിയും എന്നും, എന്താണ് ഈ നിയമങ്ങളുടെ പ്രസക്തി എന്നും സാധാരണക്കാർക്ക് അറിവുണ്ടോ എന്നും സംശയിക്കുന്നു.

ശാരീരികപീഡനം, ലൈംഗിക പീഡനം, വാക്കാലും വൈകാരികവുമായുള്ള പീഡനം, സാമ്പത്തിക പീഡനം എന്നിങ്ങനെ

ഗാർഹികപീഡനത്തെ നാലായി തരം തിരിച്ചിരിക്കുന്നു. ഭാര്യയ്ക്കും, മക്കൾക്കും, സഹോദരിക്കും, മാതാവിനും ഒക്കെ വീടുകളിൽ ഈ നിയമം വഴി സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നു. പുരുഷനോടൊപ്പം താമസിക്കുന്ന സ്ത്രീക്ക്, വീട്ടിൽ താമസിക്കുന്നതിന് അവകാശമുള്ളതാണ് അത് ആരുടെയും ഔദാര്യമല്ല. ഈ നിയമപ്രകാരം വീട്ടിൽ പീഡനം നടക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ പങ്കാളിയായ പുരുഷനെ വീട്ടിൽ നിന്നും നിയമപ്രകാരം മാറ്റുന്നതിനും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു.

60 വയസ്സിനുമേൽ പ്രായമുള്ള മാതാപിതാക്കൾ ഇന്ന് പലപ്പോഴും അവഗണിക്കപ്പെടുകയാണ്. ഏതാനും കാലങ്ങൾ മുൻപുവരെയും, പ്രായമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കുകയും, പരിപാലിക്കുകയും ശ്രദ്ധിക്കുകയും ചെയ്തു വന്നിരുന്നു. എന്നാൽ ഇന്ന് വൃദ്ധസദനങ്ങളിലും വീടുകളിലും ഒറ്റപ്പെട്ട ജീവിതം നയിക്കുന്നതിനും, മക്കൾ ഉണ്ടാക്കുന്ന സ്വത്തുക്കളുടെ കാവൽക്കാരായി കഴിയുന്നതിന് മാതാപിതാക്കളെ വിനിയോഗിക്കുന്ന പല മക്കളെയും ഈ ലേഖകനറിവുള്ളതാണ്.

പ്രായപൂർത്തിയായ മകനും, മകളും, പൗത്രനും, പൗത്രിയും ഉൾപ്പെടെയുള്ളവർ അവർക്ക് ഭക്ഷണവും വസ്ത്രവും പാർപ്പിടവും വൈദ്യപരിചരണവും ചികിത്സയും നൽകുന്നതിനും അവ ലഭിക്കുന്നതിനും, ജീവശാസ്ത്രപരമായോ ദത്തെടുപ്പുവഴിയോ, രണ്ടാനച്ഛനോ, രണ്ടാനമ്മയോ ആയാൽ പോലും അവർക്കത് അവകാശപ്പെട്ടതാണ്.

(അടുത്തലക്കത്തിൽ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തെക്കുറിച്ചുള്ള വിശകലനം.)

# വിവാഹ ഒരുക്ക സെമിനാർ

**നവംബർ 9, 10, 11 – പൊടിമറ്റം**

**നവംബർ 26, 27, 28 – അണക്കര**

**ഡിസംബർ 7, 8, 9 – പൊടിമറ്റം**

## *അഭിനന്ദനങ്ങൾ!!!*



*ലോഗോസ് ക്വിസ് മത്സരത്തിൽ*
*രൂപതാ തലത്തിൽ*
*ഒന്നാം സ്ഥാനം നേടിയ*
***ബിന്ദു റ്റിജോ തേക്കുംതോട്ടത്തിന്***
*അനുമോദനങ്ങൾ*




**മിഥുൻ**
**വേഴയ്ക്കാട്ട്**
**പൊൻകുന്നം**

**1–ാം ജന്മദിനം**

ജീവിതകാലത്ത് നിങ്ങൾ എന്നെ സ്നേഹിച്ചു ഇനിയും നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നേയും ഓർക്കേണമേ

## 26-ാം ചരമവാർഷികം

## 50-ാം ചരമവാർഷികം








**MARIYAMMA ANTONY**

**Thottumkal**

**Ponkunnam**

മരണം : 19-10-1989



**T.V. ANTONY**

**(Dasan Anthonichen)**

**Thottumkal**

**Ponkunnam**

മരണം : 03-10-1965

**സ്നേഹസ്മരണയ്ക്ക്**

**41-ാം ചരമദിനം**

# എം.ജെ ജോസഫ്

# (പാപ്പച്ചൻ)

# മുട്ടത്തുപാറയ്ക്കൽ

**പൊൻകുന്നം**

**DIED On 23-09-2015**



## പാവനസ്മരണക്ക്



# പി.വി. കുര്യാക്കോസ്
# പുല്ലിയിൽ (ലീലാമഹൽ)
# പൊൻകുന്നം

ഞാൻ നിങ്ങളിൽനിന്ന് അകന്നുപോകുന്നുവെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ
എനിക്കുവേണ്ടിപ്രാർത്ഥിക്കണമേ...